| | |
|---|---|
| | കേരള ഫീഡ്സ് ലിമിറ്റഡ്<br>ഒരു കേരള സർക്കാർ സ്ഥാപനം<br>കല്ലേറ്റുംകര, തൃശ്ശൂർ ജില്ല<br>പിൻകോഡ് – 680 683<br>ഫോൺ നമ്പർഃ 0480-2720179, 2720192, 2725295, 2723685<br>ഫാക്സ് ഃ 0480 – 2720194<br>ഇ-മെയിൽഃ support.kfl@kerala.gov.in<br>വെബ്സൈറ്റ് ഃ www.keralafeeds.com |

KFL/2351/17 24 മെയ്, 2017

**കേരള ഫീഡ്സ് ലിമിറ്റഡിന്റെ കോഴിക്കോടുള്ള ഫാക്ടറിയിലെ പൊതു പരിപാടിക്കു മുന്നോടിയായുള്ള ജോലികൾ ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടിയുള്ള കരാറുകാരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിനുള്ള പുനഃ പത്രിക**

കേരള ഫീഡ്സ് ലിമിറ്റഡിന്റെ കോഴിക്കോടുള്ള ഫാക്ടറിയിലെ പൊതു പരിപാടിക്കു മുന്നോടിയായുള്ള ജോലികൾ ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി പരിചയ സമ്പന്നരായ വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. നിബന്ധനകളും, യോഗ്യതാ വ്യവസ്ഥകളും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

**ആമുഖം**

കേരള ഫീഡ്സ് ലിമിറ്റഡ് (കെ.എഫ്.എൽ.), കന്നുകാലികൾക്കുള്ള തീറ്റയുടേയും അതിന്റെ ഉപ ഉൽപ്പന്നങ്ങളുടേയും നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള ഒരു കേരള സർക്കാർ സ്ഥാപനമാണ്.

**ഉദ്ദേശ്യം**

കേരള ഫീഡ്സ് ലിമിറ്റഡിന്റെ കോഴിക്കോടുള്ള ഫാക്ടറിയിലെ പൊതു പരിപാടിക്കു മുന്നോടിയായി കമ്പനിയുടെ ആവശ്യത്തിനനുസൃതമായി വിവിധ ജോലികൾ ഏറ്റെടുത്ത് നടത്തുന്നതിന്, ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ/ വ്യക്തികളിൽ നിന്നും അവരുടെ പരമാവധി കുറഞ്ഞ നിരക്ക്, ഡിസ്കൗണ്ട് എന്നിവ നൽകുവാൻ ആവശ്യപ്പെടും. അതിനുസരിച്ചാണ് കരാർ നൽകുക.

**ജോലിയുടെ വിവരങ്ങൾ**

1. **സ്റ്റേജും പന്തലും സജ്ജീകരിക്കുക, വേദിയിലും പന്തലിലും വെളിച്ചവും മറ്റും ലഭ്യമാക്കുക**

   കമ്പനി നിർദ്ദേശിക്കുന്നതനുസരിച്ച് പന്തൽ നിർമ്മിക്കുകയും, വേദിയിലും, പന്തലിലുമുള്ള സീറ്റുകൾ ക്രമമായി സജ്ജീകരിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ പന്തലിലും, വേദിയിലും വേദിക്കു പുറത്തും വേണ്ടവിധം അലങ്കരിക്കേണ്ടതും വേദിയുടെ പശ്ചാത്തലം ഒരുക്കേണ്ടതുമാണ്. മൈക്ക്, ലൈറ്റ് ആന്റ് സൗണ്ട് എന്നിവ വേദിയിൽ ലഭ്യമാക്കേണ്ടതാണ്.

2. ശിലാ ഫലകം നിർമ്മിച്ച് സ്ഥാപിക്കൽ.

3. **പ്രൊമോഷണൽ മെറ്റീരിയലുകൾ സ്ഥാപിക്കുക**

   കമ്പനിയുടെ പരസ്യത്തിനുവേണ്ടി ആർച്ചുകൾ, പോസ്റ്ററുകൾ, ബാനറുകൾ, ഹോർഡിങ്ങുകൾ എന്നിവ നിർമ്മിച്ച് ഹൈവേകളിലും കമ്പനി നിർദ്ദേശിക്കുന്ന സ്ഥലങ്ങളിലും സ്ഥാപിക്കുക.

## വ്യവസ്ഥകൾ

1. കേരള ഫീഡ്സ് ലിമിറ്റഡ്, പരിചയ സമ്പന്നരായ വ്യക്തികൾ/ സ്ഥാപനങ്ങളുടെ ഒരു പട്ടികയുണ്ടാക്കി യോഗ്യരായവരിൽ നിന്നും നിരക്കുകൾ ശേഖരിക്കുകയും അതിൽ നിന്നും കരാറുകാരെ തെരഞ്ഞെടുക്കുന്നതുമായിരിക്കും.

2. ഒരു വ്യക്തിക്ക്/ സ്ഥാപനത്തിന് അല്ലെങ്കിൽ ഒന്നിലധികം വ്യക്തിക്ക്/ സ്ഥാപനത്തിന് പ്രവൃത്തി കരാർ വിഭജിച്ച് നൽകുന്നതിനുള്ള അവകാശവും, അപേക്ഷകൾ കാരണങ്ങൾ നൽകാതെ നിരസിക്കുവാനുള്ള അവകാശവും, കേരള ഫീഡ്സ് ലിമിറ്റഡിന് ഉണ്ടായിരിക്കും. ഇക്കാര്യത്തിൽ അനുയോജ്യമായ തീരുമാനമെടുക്കുന്നതിനുള്ള അധികാരം കേരള ഫീഡ്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. ഇക്കാര്യത്തിൽ കമ്പനിയുടെ തീരുമാനം അന്തിമമായിരിക്കും.

3. കാലാവധി: കമ്പനി നിശ്ചയിച്ച് നൽകുന്ന സമയപരിധിക്കുള്ളിൽ ജോലികൾ തീർക്കേണ്ടതാണ്.

4. അപേക്ഷകൾ, **മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്, കല്ലേറ്റുംകര, തൃശ്ശൂർ - 680 683, ഫോൺ നമ്പർഃ 0480-2720179, 2720192** എന്ന വിലാസത്തിൽ അയയ്ക്കാവുന്നതാണ്. കവറിനു പുറത്ത് **'കരാറുകാരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിനുള്ള അപേക്ഷ'** എന്ന് പ്രത്യേകം എഴുതേണ്ടതാണ്. അപേക്ഷകൾ 31.05.2017 തിയ്യതി വൈകിട്ട് 5 മണി വരെ സ്വീകരിക്കുന്നതാണ്. ഏതെങ്കിലും വിധത്തിലുള്ള പ്രശ്നങ്ങളോ, പിഴവുകളോ മൂലം അപേക്ഷകൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടായാൽ പ്രസ്തുത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

5. പുനഃ താല്പര്യ പത്രികയിൽ പറഞ്ഞിരിക്കുന്ന കരാറുകൾ നിയമാനുസൃതമായി ഇന്ത്യൻ നിയമത്തിന്റേയും, ഇരിങ്ങാലക്കുട കോടതിയുടേയും നിയന്ത്രണത്തിലും അധികാര പരിധിയിലും ആയിരിക്കും.

6. കരാറുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ അവകാശവാദങ്ങൾക്കും, തർക്കങ്ങൾക്കും കേരള ഫീഡ്സ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും..

## സമർപ്പിക്കേണ്ട രേഖകൾ

1. അപേക്ഷകൾ സമർപ്പിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ അവരുടെ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റെ/ വർക്ക് ഓർഡറിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകേണ്ടതാണ്.

2. വ്യക്തികൾ/ സ്ഥാപനങ്ങൾ അവർ ചെയ്ത ജോലികളുടെ ഫോട്ടോകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. പാൻ നമ്പറും, പാൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പിയും.

4. സർവ്വീസ് ടാക്സ് രജിസ്ട്രേഷൻ നമ്പർ ഉണ്ടെങ്കിൽ അതിന്റെ സർട്ടിഫിക്കറ്റിന്റെ കോപ്പിയും സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

**മാനേജിംഗ് ഡയറക്ടർ**